# ക്ലാസ് 10 കേരളപാഠാവലി

## യൂണിറ്റ് കാലാതീതം കാവ്യ വിസ്മയം

**പ്രവേശകം**

1. *കവികൾക്ക് ലോകമെമ്പാടും.........*

*ഗൗളികൾക്കുമെന്നപോലെ ആശയം*

*വിശദമാക്കുക.*

തത്തകളുടെ കൊഞ്ചൽ , കാറ്റിൽ ഇളകുന്ന ഇലകളുടെ ശബ്ദം , പല്ലിയുടെ ചിലയ്ക്കൽ എന്നിവയെല്ലാം ലോകത്ത് എല്ലായിടത്തും ഒരുപോലെയാണ് .അതുപോലെതന്നെയാണ് ലോകത്തിന്റെ പല ഭാഗങ്ങളിൽ താമസിക്കുന്ന കവികളും .അവർ എഴുതുന്നതെല്ലാം വ്യത്യസ്ത ഭാഷകളിൽ ആണെങ്കിലും എഴുതുന്ന വിഷയങ്ങൾ ഏതാണ്ട് ഒന്നു തന്നെ(സ്നേഹം ,സത്യം എന്നിവ ) യാണ് എന്നാണ് പ്രശസ്ത കവിയായ

ശ്രീ സച്ചിദാനന്ദൻ പറയുന്നത് .

## <u>ലക്ഷ്മണസാന്ത്വനം</u>

അദ്ധ്യാത്മ രാമായണത്തിലെ

അയോധ്യാകാണ്ഡത്തിൽ നിന്നും - എഴുത്തച്ഛൻ -

പ്രധാന കഥാപാത്രങ്ങൾ - ശ്രീരാമൻ ,ലക്ഷ്മണൻ .

*കഥാസന്ദർഭം* -

ശ്രീരാമനെ അയോധ്യയുടെ രാജാവാക്കാൻ അച്ഛനായ ദശരഥമഹാരാജാവ് തീരുമാനിച്ചു . എന്നാൽ രാജാവിന്റെ ഒരു ഭാര്യയായ കൈകേയിയുടെ നിർബന്ധപ്രകാരം അവരുടെ മകനായ ഭരതനെ രാജാവാക്കേണ്ടിവന്നു .ഇതിൽ ദേഷ്യപ്പെട്ട്, ശ്രീരാമന്റെ അനുജനായ ലക്ഷ്മണൻ അയോധ്യ നഗരത്തെ ചുട്ടുകളയും എന്നു പറഞ്ഞു . ദേഷ്യപ്പെട്ടു നിൽക്കുന്ന ലക്ഷ്മണനെ ശ്രീരാമൻ

ഉപദേശിക്കുന്നതാണ് പാഠഭാഗം .

"പ്രിയ്യ ലക്ഷ്മണാ , എന്നോടുള്ള സ്നേഹം കൊണ്ടാണ് നീ ദേഷ്യപ്പെടുന്നത് എന്ന് എനിയ്ക്ക് നന്നായിട്ടറിയാം . ഒരു കാര്യം നീ ഓർക്കണം . നമ്മുടെ ജീവിതം വളരെ ചെറിയ കാലം കൊണ്ടു തീരുന്നതാണ് .അതുകൊണ്ട് നാം ഒന്നിനും വേണ്ടി മത്സരിയ്ക്കരുത് .ഞാൻ എന്ന ഭാവം കൊണ്ട് അഹങ്കരിച്ചിട്ട് ഒന്നും നേടുകയില്ല . നമ്മുടെ മരണശേഷം ശരീരം പുഴക്കൾ തിന്നു പോകുന്നതല്ലേ . അറിവുള്ളവർക്ക് ഞാനെന്ന അഹങ്കാരം ഉണ്ടാകില്ല .അഹങ്കാരവും ദേഷ്യവും ലാഭം അന്വേഷിക്കലുമെല്ലാം നമ്മെ സ്വർഗ്ഗത്തിൽനിന്നും അകറ്റിനിർത്തുന്നു “. തുടർന്ന് ദേഷ്യം കൊണ്ട് ഉണ്ടാകുന്ന കുഴപ്പങ്ങളെക്കുറിച്ച് ശ്രീരാമൻ പറയുന്നു . "ദേഷ്യം കൊണ്ടാണ്

മനുഷ്യൻ അച്ഛനെയും ,ഭാര്യയെയും ,കൂട്ടുകാരെയുമെല്ലാം കൊല്ലുന്നത് .ദേഷ്യം കൊണ്ട് അനേകം അപകടങ്ങൾ ഉണ്ടാകും . അറിവുള്ള ആളുകൾ ദേഷ്യപ്പെടില്ല . ദേഷ്യത്തെ നിയന്ത്രിക്കണം .

**പ്രധാന വരികൾ ,ആശയങ്ങൾ**

*1. ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം*

*........................... ...........................*

*സന്നിഭം മർത്യജന്മം ക്ഷണഭംഗുരം*

സുഖങ്ങൾ ഒരു ഇടിമിന്നൽ പോലെ വന്നു പോകുന്നതാണ് .ചുട്ടുപഴുത്തിരിയ്ക്കുന്ന ഇരുമ്പിലേയ്ക്ക് വീഴുന്ന വെള്ളത്തുള്ളി ഒരു നിമിഷം കൊണ്ട് ഇല്ലാതാകുന്നത് പോലെയാണ് മനുഷ്യ ജീവിതവും.

*2. ചക്ഷുശ്രുവണഗളസ്ഥമാം ദർദ്ദുരം*

...........................................

*ഭോഗങ്ങൾ തേടുന്നു*

പാമ്പ് പതുക്കെ വിഴുങ്ങി കൊണ്ടിരിക്കുമ്പോഴും ,

അടുത്തുതന്നെ മരിക്കും എന്നറിയാതെ തവള

പാമ്പിന്റെ വായിൽ ഇരുന്ന് ഇര തേടുകയാണ് .

അതുപോലെതന്നെയാണ് കാലമാകുന്ന പാമ്പിനെ

വായിൽ പെടുന്ന മനുഷ്യർ സുഖങ്ങൾ

അന്വേഷിക്കുന്നത് .

*3. പാന്ഥർ പെരുവഴിയമ്പലം തന്നിലെ*

....................................................

*എത്രയും ചഞ്ചലമാലയ സംഗമം*

വഴിയാത്രക്കാരായ ആളുകൾ സത്രത്തിൽ

(ലോഡ്ജ്) ഒന്നിച്ചു താമസിച്ചിട്ട് പിറ്റേദിവസം

പിരിഞ്ഞു പോകുന്നതുപോലെയും, നദിയിലൂടെ

ഒഴുകിപ്പോകുന്ന  തടിക്കഷണങ്ങൾ പോലെയും സുഖവും ,ജീവിതവും ,കുടുംബ ബന്ധങ്ങളുമെല്ലാം പെട്ടെന്ന് ഇല്ലാതാകുന്നതാണ് .

*4. ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം*

..........................................................

*നന്നല്ല ദേഹം നിമിത്തം മഹാ മോഹം*

നമ്മുടെ ശരീരം ചിലപ്പോൾ ജന്തുക്കൾ തിന്നിട്ട് കാഷ്ഠിച്ചു പോകും . ചിലപ്പോൾ വെന്ത് ചാരമായിപ്പോകും . അല്ലെങ്കിൽ മണ്ണിൽ കിടന്ന് പുഴുക്കളായി മാറും . അതുകൊണ്ട് ശരീരം നിമിത്തം അഹങ്കരിക്കരുത് .

*5. ക്രോധം മൂലം മനസ്താപമുണ്ടായി വരും*

.........................................................

*ക്രോധം പരിത്യജിക്കണം ബുധജനം*

ദേഷ്യം മൂലം കുറ്റബോധം ഉണ്ടാകുന്ന അവസ്ഥ വരും . ദേഷ്യം കാരണം ഈ ലോകത്തിൽ തന്നെ നമ്മൾ തടവിലാക്കപ്പെട്ടു എന്നും വരാം. നമ്മെ സ്വർഗ്ഗത്തിൽ എത്തിയ്ക്കാതിരിയ്ക്കുന്നതും ദേഷ്യമാണ്. അതുകൊണ്ട് അറിവുള്ളവർ ദേഷ്യത്തെ ഉപേക്ഷിക്കണം

## കാളിദാസൻ

എൻ വി കൃഷ്ണവാരിയർ ,കാളിദാസ പഠനങ്ങൾ – ലേഖനം - കാളിദാസനെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും.

ഇന്ത്യയിലെ ഏറ്റവും വലിയ പർവ്വതം ഹിമാലയം എങ്കിൽ ഏറ്റവും പ്രശസ്തനായ കവി കാളിദാസനാണ് .7 കൃതികൾ മാത്രം എഴുതി ലോകപ്രശസ്തനായി.

## കൃതികൾ

### 1.ഋതുസംഹാരം - ഖണ്ഡകാവ്യം .

ആദ്യ കൃതിയായ ഋതുസംഹാരത്തിൽ കാളിദാസന്റെ പ്രകൃതിസ്നേഹം കാണാം . ആറ് ഋതുക്കളെ (കാലങ്ങളെ )ക്രമത്തിൽ വർണ്ണിച്ചിരിക്കുന്ന ഈ കൃതിയിൽ വലിയ ആശയങ്ങളോ

ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളോ ഇല്ലാത്തതിനാൽ ഇത് കാളിദാസന്റേതല്ല എന്നു അഭിപ്രായപ്പെടുന്നവരുണ്ട് .

## 2.മേഘസന്ദേശം - ഖണ്ഡകാവ്യം

വൈശ്രവണ രാജാവ് തന്റെ ഭൃത്യനായ യക്ഷനെ ദൂരേക്ക് സ്ഥലംമാറ്റി .ഭാര്യയെ ഏറെ സ്നേഹിച്ചിരുന്ന യക്ഷൻ അവളെ പിരിഞ്ഞ ദുഃഖത്തിൽ തൻന്റെ സങ്കടം ഭാര്യ അറിയിക്കാൻ മേഘത്തെ ചുമതലപ്പെടുത്തുന്നു . പ്രിയപ്പെട്ടവരെ പിരിയുമ്പോൾ ഉണ്ടാകുന്ന വേദനയും സങ്കടവുമാണ് മേഘസന്ദേശത്തിൽ.

## 3. കുമാരസംഭവം -മഹാകാവ്യം

കാളിദാസൻന്റെ കൃതികളിൽ ഏറ്റവും അഴകുള്ളത് .  പാർവതീപരമേശ്വരന്മാരുടെ പ്രണയകഥ . മുരുകന്റെ ജനനവുമായി

ബന്ധപ്പെട്ട മഹാകാവ്യമാണിത് .പാർവതിയ്ക്ക് ശരീരസൗന്ദര്യം ഉണ്ടായിട്ടുപോലും ശിവനെ നേടാൻ തപസ്സ് വേണ്ടിവന്നു . സ്നേഹം പൂർണ്ണമാകുന്നത് ത്യാഗത്തിലൂടെയാണെന്നു ഈ കൃതി പറയുന്നു .

**<u>4.രഘുവംശം - മഹാകാവ്യം</u>**

സൂര്യവംശരാജാക്കന്മാരുടെ കഥ .ദിലീപൻ മുതൽ അഗ്നിവർണ്ണൻ വരെയുള്ള മുപ്പതോളം രാജാക്കന്മാരെക്കുറിച്ച് വിവരിച്ചിരിയ്ക്കുന്നു . ഈ കൃതിയിലും ത്യാഗത്തെകുറിച്ചാണ് പറയുന്നത്. കൂടാതെ കാടും, നാടും ,നഗരവും ,പുഴയും, സമുദ്രവും ഒക്കെ ഉൾപ്പെടുന്ന പ്രകൃതിയെക്കുറിച്ചും വർണ്ണിച്ചിട്ടുണ്ട് .

<u>5.**മാളവികാഗ്നിമിത്രം - നാടകം**</u>

അഗ്നിമിത്രൻ എന്ന സുംഗരാജാവിന്റെ

കുടുംബജീവിതത്തെ ചിത്രീകരിച്ചിരിയ്ക്കുന്നു .

അക്കാലത്തെ രാഷ്ട്രീയ സ്ഥിതികളെയും .

**<u>6.വിക്രമോർവശീയം - നാടകം</u>**

സ്വർഗ്ഗത്തിലെ നർത്തകിയായ (അപ്സരസ്സ് )
ഉർവ്വശ്ശിയും പൂരുവസ്സ് എന്ന രാജാവും

തമ്മിലുള്ള പ്രണയകഥ .

**<u>7.ശാകുന്തളം - നാടകം</u>**

മഹാഭാരതത്തിലെ ശാകുന്തളം കഥയിൽ നിന്നാണ്
അഭിജ്ഞാനശാകുന്തളം .ദുഷ്യന്തനും ശകുന്തളയുമാണ്
നായകനും നായികയും .സുഖവും ദുഃഖവും നന്മയും
തിന്മയും എന്നുവേണ്ട മനുഷ്യ ജീവിതത്തിൽ നാം
അറിയുന്നതും കാണുന്നതുമായ എല്ലാം ഇതിലുണ്ട്
.ഭൂമിയെയും സ്വർഗ്ഗത്തെയും ഒറ്റവാക്കിൽ പറഞ്ഞാൽ
അത് കാളിദാസന്റെ ശാകുന്തളമാണെന്നാണ് എന്ന
പ്രശസ്ത കവി ഗെയ്ഥെ പറഞ്ഞത് .

സരിത ടി എസ്
എസ് എൻ എച്ച് എസ്, ഒക്കൽ

# കാളിദാസ കൃതികൾ

## ഖണ്ഡ കാവ്യങ്ങൾ

- ഋതുസംഹാരം – ഋതുക്കളെക്കുറിച്ചുള്ള വർണ്ണന
- മേഘസന്ദേശം – യക്ഷൻ ഭാര്യയ്ക്ക് അയയ്ക്കുന്ന സന്ദേശങ്ങൾ

## മഹാ കാവ്യങ്ങൾ

- കുമാരസംഭവം – ശിവപാർവ്വതിമാരുടെ പ്രണയ കഥ
- രഘുവംശം – സൂര്യവംശ രാജാക്കന്മാരുടെ കഥ

## നാടകങ്ങൾ

- മാളവികാഗ്നിമിത്രം – അഗ്നിമിത്രരാജാവിന്റെ കുടുംബ കഥ
- വിക്രമോർവ്വശീയം – ഉർവ്വശിയും പുരുവസ്സും തമ്മിലുള്ള പ്രണയം
- അഭിജ്ഞാന ശാകുന്തളം – ശകുന്തളയുടെയും ദുഷ്യന്തന്റെയും പ്രണയ കഥ

# <u>അമ്മ</u>

വൈക്കം മുഹമ്മദ് ബഷീർ –

ഓർമ്മക്കുറിപ്പുകൾ

പ്രധാന കഥാപാത്രങ്ങൾ - ബഷീർ ,അമ്മ

കാലഘട്ടം - ഇന്ത്യൻ സ്വാതന്ത്ര്യ സമരം .

- സ്വന്തം അമ്മയെക്കുറിച്ചും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിനെക്കുറിച്ചുമുള്ള വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമ്മകളാണ് അമ്മ എന്ന പാഠഭാഗത്തിൽ .
- സ്കൂളിൽ പഠിയ്ക്കുന്ന കാലത്തു തന്നേ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ബഷീർ, വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കാനെത്തിയ ഗാന്ധിജിയെ കാണാൻ പോയതും ഖാദി ധരിച്ചതിന്റെ

പേരിൽ സ്കൂൾ ഹെഡ്മാസ്റ്ററുടെ കൈയിൽനിന്നു തല്ലുകൊണ്ടതുമെല്ലാം ഓർക്കുന്നു .

- സ്കൂൾ പഠനം ഉപേക്ഷിച്ച ബഷീർ 1936 ൽ കോഴിക്കോട് കടപ്പുറത്ത് നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തു . പോലീസ് അറസ്റ്റ് ചെയ്ത് തല്ലിച്ചതച്ച് ജയിലിലാക്കി . മാസങ്ങൾക്കുശേഷം ജയിൽമോചിതനായി .ഒരു ദിവസം രാത്രി ഏറെ വൈകി വീട്ടിൽ എത്തിയപ്പോൾ കണ്ടത് ഉറങ്ങാതെ ചോറും കറിയും വെച്ച് കാത്തിരിക്കുന്ന അമ്മയെയാണ് . "ഞാൻ ഇന്നു വരുമെന്ന് എങ്ങനെ അറിഞ്ഞു " എന്ന ബഷീറിന്റെചോദ്യത്തിന് ," ഞാൻ എല്ലാ രാത്രിയിലും നീ വരുമെന്നോർത്ത്

ചോറും കറിയും വെച്ച് കാത്തിരിക്കാറുണ്ടായിരുന്നു "എന്ന അമ്മ മറുപടി നല്കി .

**<u>പ്രധാന വാചകങ്ങൾ (_അധിക പഠനത്തിന്)</u>**

- മകനെ ഞങ്ങൾക്ക് നിന്നെ ഒന്നു കാണണം .
- ഭാരതഭൂമി മരിച്ച എന്നെയും , എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും.
- അവിടെ നിന്റെ ആരാ ഉള്ളത് ? അദ്ദേഹം നീണ്ടുനിവർന്ന് പടപടോന്ന് ഒരു ആറെണ്ണം എൻറെ കൈവെള്ളയിൽ .
- "എടാ ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"
- ആ മഹാത്മാവിനെ ഒന്ന് തൊടണം

ഇല്ലെങ്കിൽ ഞാൻ മരിച്ചു പോകും.

- തിരുവിതാംകൂറിൽ സ്വയംഭരണം കിട്ടിയോ?
- നമ്പ്യാര് ചെനമ്പ് തച്ച്
- എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ ?
- എനിക്ക് രണ്ട് ആഗ്രഹങ്ങളായിരുന്നു - ഒന്ന് ഒരു ഖദർ ഷാൾ ,രണ്ട് 270 നെ കൊല്ലണം.
- നിങ്ങളാണോ സത്യാഗ്രഹി .
- ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും .